"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ സേവന വകുപ്പ് - പ്ലാൻ ഫണ്ട് 2024-25 - 'ആരോഗ്യ ഗതാഗതം' സ്കീം - 2023-24 സാമ്പത്തികവർഷം ഭരണാനുമതി നൽകിയ വാഹനം വാങ്ങുന്ന പ്രവൃത്തി - നടപ്പ സാമ്പത്തിക വർഷത്തെ വിഹിതത്തിൽ നിന്നും ചെലവ് വഹിക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.2716/2024/H&FWD തീയതി,തിരുവനന്തപുരം, 12-11-2024

---

പരാമർശം:- 1. സ.ഉ.(കൈ) നം.144/2023/ആ.കു.വ. തീയതി 22.06.2023

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ എച്ച്.റ്റി.2/12215/23/ആ.വ.ഡ. തീയതി 09.08.2024

**ഉത്തരവ്**

മേൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം 2023-24 സാമ്പത്തിക വർഷം 9 വാഹനങ്ങൾ വാങ്ങുന്നതിന് 'ആരോഗ്യ ഗതാഗതം' എന്ന പ്ലാൻ സ്കീം പ്രകാരം '2210-01-200-91-34OC (പ്ലാൻ)' ശീർഷകത്തിനു കീഴിൽ 1,18,06,708/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഭരണാനുമതിയിൽ ഉൾപ്പെട്ടിരുന്ന 12,31,009/- രൂപയുടെ മഹിന്ദ്ര കമ്പനിയുടെ 'THAR AX OPT P MT 4 WD 4 S CT' മോഡൽ വാഹനം 2023-24 സാമ്പത്തികവർഷത്തിൽ വാങ്ങാൻ കഴിയാതിരുന്ന സാഹചര്യം പരിഗണിച്ച്, പ്രസ്തുത വാഹനം വാങ്ങുന്ന പ്രവൃത്തിക്ക് ചെലവാകുന്ന തുക '2210-01-200-91-34OC (പ്ലാൻ)' എന്ന ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തിലെ വിഹിതത്തിൽ നിന്ന് അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് മേൽ പരാമർശം 2-ലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പരാമർശം 1 പ്രകാരം ഭരണാനുമതി നൽകിയിരുന്ന, 'THAR AX OPT P MT 4 WD 4S CT' എന്ന വാഹനം വാങ്ങുന്നതിന് ചെലവാകുന്ന **12,31,009/- രൂപ (പന്ത്രണ്ട് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി ഒൻപതു രൂപ മാത്രം)**, **'2210-01-200-91-34-OC-(പ്ലാൻ)'** ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുഭാഷ് ആർ

അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ധനകാര്യ (ഹെൽത്ത്-എ) വകുപ്പ് (നം.2318267/HLT-A1/5/2023-FIN തീയതി 28.10.2024 പ്രകാരം)

വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P. K. Santhosh
Date: 13-11-2024 11:22:45
സെക്ഷൻ ഓഫീസർ